# നീര പ്ലാന്റ് ഉദ്ഘാടനം ഇന്ന്

ആലപ്പുഴ: കഞ്ഞിക്കുഴി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കരപ്പുറം നാളികേര ഉത്പാദന കമ്പിനിയുടെ നീരാ പ്ലാന്റ് ഉദ്ഘാടനം ഇന്ന് നടക്കുമെന്ന് കമ്പിനി ചെയർമാൻ ഡി. പ്രിയേഷ്കുമാർ പത്രസമ്മേളനത്തിൽ അറിയിച്ചു. അയ്യപ്പൻചേരിയിൽ ഉച്ചകഴിഞ്ഞ് മുന്നിന് നടക്കുന്ന ചടങ്ങിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പ്ലാന്റ് ഉദ്ഘാടനം നിർവഹിക്കും. പി. തിലോത്തമൻ എം.എൽ.എ അധ്യക്ഷത വഹിക്കും. കെ.സി. വേണുഗോപാൽ എം.പി മുഖ്യ പ്രഭാഷണം നടത്തും. ഓഹരി സർട്ടിഫിക്കറ്റ് വിതരണം ഡോ. തോമസ് ഐസക്ക് എം.എൽ.എയും നീര വിതരണോദ്ഘാടനം ജി. സുധാകരൻ എം.എൽ.എയും മുല്യവർധിത നീര ഉത്പന്നങ്ങളുടെ വിപണിയിലിറക്കൽ ചടങ്ങ് എ. എം. ആരിഫ് എം.എൽ.എയും നിർവഹിക്കും.നീര പരിശീലന കേന്ദ്രത്തിന് സ്ഥലം അനുവദിച്ച ഫാ. ജോഷി വല്ല്യാർകാട്ടിലിനെ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ. നാസർ ആദരിക്കും.